6054
28/3/18

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് – ചക്കയെ സംസ്ഥാന ഫലം എന്ന പദവി നൽകി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ (എം.എസ്) നമ്പർ. 38/2018/കൃഷി                    തീയതി, തിരുവനന്തപുരം, 21.03.2018

==================================================================

പരാമർശം :- കൃഷി വകുപ്പ് ഡയറക്ടറുടെ 20/02/2017- ലെയും 26/02/2018- ലെയും ടി.എം (2) 52049 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാനത്ത് സുലഭമായി കാണപ്പെടുന്ന ഫലമാണ് ചക്ക. പ്ലാവുകൾ ഇല്ലാത്ത വീടുകളും സ്ഥലങ്ങളും കേരളത്തിൽ വളരെ വിരളമാണ്. ചക്കയുടെ ഔഷധ ഗുണവും പോഷകമൂല്യവും ഗവേഷണ പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടതാണ്.

2. ചക്ക വേണ്ടവിധം ഉപയോഗിക്കാതെ ധാരാളം പാഴാക്കി കളയുന്നുണ്ട്. ആധുനിക പഴവർഗ്ഗ സംസ്കരണവിദ്യ ഉപയോഗിച്ച് ചക്കപ്പഴം പാഴാകാതെ ശേഖരിച്ച് സംസ്കരിച്ച് സൂക്ഷിക്കുന്നതിലൂടെ രാജ്യാന്തര വിപണനം സാധ്യമാവുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

3. ചക്കയുടെ ഔഷധ മൂല്യവും പോഷക മൂല്യവും വിപണന സാദ്ധ്യതയെയും കുറിച്ച് പുതുതലമുറ ഉൾപ്പെടെയുള്ളവരിൽ ശരിയായ അവബോധം സൃഷ്ടിക്കുന്നതിനും ചക്ക പാഴാകാതെ ശേഖരിച്ച് ഉപയോഗിക്കേണ്ട ആവശ്യകത എല്ലാവരിലും എത്തിക്കുന്നതിലേയ്ക്കായി ചക്കയെ സംസ്ഥാന ഫലം എന്ന പദവി നൽകി അംഗീകരിക്കാവുന്നതാണെന്ന് കൃഷി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും മേൽ പറഞ്ഞ വസ്തുതകൾ കണക്കിലെടുത്തും ചക്കയെ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടീക്കാ റാം മീണ ഐ.എ.എസ്**

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Mayap

സെക്ഷൻ ഓഫീസർ